# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 2–ാം തീയതി ചൊവ്വാഴ്ച
(ആകെ ചോദ്യങ്ങൾ – 21)

**(290) മൽസ്യ സമ്പത്തിന്റെ ലഭ്യത ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതി**
**(291) ആംഗ്ലോ ഇൻഡ്യൻ സമുദയത്തിന്റെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ**
**(292) കായംകുളം താപവൈദ്യുതി നിലയത്തിന്റെ നവീകരണം**
**(293) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ**
**(294) സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി/വർഗ്ഗക്കാർക്ക് വീട് വയ്ക്കാൻ പദ്ധതി**
**(295) പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായുള്ള ആശ്വാസ നടപടികൾ**
**(296) വൈദ്യുതി ബോർഡിന്റെ വായ്പ തിരിച്ചടവ്**
**(297) പട്ടികവർഗ്ഗക്കാരുടെ മാത്രമായ കലോൽസവങ്ങൾ സംഘടിപ്പിക്കുവാൻ നടപടി**
**(298) ഗാർഹിക വൈദ്യുതി ചാർജ്ജ്**
**(299) ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി കുറയുന്ന പ്രതിഭാസം**
**(300) ഡാമുകൾക്കും ജനറേറ്റിംഗ് സ്റ്റേഷനുകൾക്കും സുരക്ഷാ ഏർപ്പാടുകൾ**
**(301) ഫിഷറീസ് ടൂറിസം നടപ്പാക്കാൻ നടപടി**
**(302) ജലാശയങ്ങൾ മൽസ്യകൃഷിക്കായി പാട്ടത്തിന് നൽകാൻ നടപടി**
**(303) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**
**(304) കൊച്ചിയിൽ അന്താരാഷ്ട്ര ടൂറിസ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിന് നടപടി**
**(305) എ.ഡി.ബി.യ്ക്ക് മുൻ ഗവൺമെന്റ് നൽകിയിരുന്ന ഉറപ്പുകൾ**
**(306) ഭൂമിക്കടിയിൽക്കൂടി കേബിളുകൾ വഴി വൈദ്യുതി കണക്ഷൻ നൽകുന്ന സ്കീം**
**(307) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്കായുള്ള പദ്ധതികൾ**
**(308) കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനത്തിന് നിജപ്പെടുത്തിയിട്ടുള്ള ഏരിയ**
**(309) യുവജനോൽസവങ്ങളിൽ ദളിത് വിഭാഗങ്ങളുടെ കലകൾക്കുകൂടി മത്സരം ഏർപ്പെടുത്തുവാൻ നടപടി**
**(310) മൽസ്യത്തൊഴിലാളി ക്ഷേമനിധിബോർഡിലേക്ക് കയറ്റുമതിക്കാരുടെ വിഹിതം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി**

### <u>മൽസ്യ സമ്പത്തിന്റെ ലഭ്യത ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതി</u>

290. ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്രപേർ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തിവരുന്നുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വർഷംതോറും വർദ്ധിച്ചുവരുന്ന മൽസ്യ സമ്പത്തിന്റെ ലഭ്യത ഉപയോഗപ്പെടുത്തി കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുള്ള പുതിയ പദ്ധതിക്ക് രൂപം നൽകുമോ;

(ഡി) മൽസ്യ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സഹായകമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്

(ബി) 10.63 ലക്ഷം മത്സ്യത്തൊഴിലാളി ജനവിഭാഗവും 1.64 ലക്ഷം മത്സ്യ അനുബന്ധത്തൊഴിലാളി ജനവിഭാഗവും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തി വരുന്നു.

(സി) ഇക്കാര്യം പരിശോധിച്ച് അനുയോജ്യമായ പദ്ധതികൾക്ക് രൂപം നൽകുന്നതാണ്

(ഡി) അനുബന്ധമായി വച്ചിട്ടുണ്ട്

**ആംഗ്ലോ ഇൻഡ്യൻ സമുദയത്തിന്റെ ഉന്നമനത്തിനായി സ്വീകരിച്ച നടപടികൾ**

291. ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗനിയമനത്തിൽ സംവരണം ഉള്ള വിഭാഗങ്ങൾ ദലിത് വിഭാഗത്തിലോ പിന്നോക്ക വിഭാഗത്തിലോപെടുന്നവരാണോ;

(ബി) ആംഗ്ലോ ഇൻഡ്യൻ സമുദായത്തെ പിന്നോക്കവിഭാഗത്തിൽ പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ സമുദായത്തിന്റെ ഉന്നമനത്തിനായി പിന്നോക്ക വിഭാഗവകുപ്പ് എന്തെല്ലാ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത വിഭാഗത്തിന്റെ സംസ്ക്കാരം നിലനിർത്തുവാനും പരിരക്ഷിക്കുവാനും ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ട് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ഡോ. എം. എ. കുട്ടപ്പൻ (പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി):-**

(എ) ദലിത് വിഭാഗത്തിലും ക്രീമീലെയറിൽപ്പെടാത്ത പിന്നോക്ക വിഭാഗങ്ങളിലും ഉള്ളവർക്ക് ഉദ്യോഗ നിയമനങ്ങളിൽ സംവരണം നൽകുന്നുണ്ട്.

(ബി) ഉണ്ട്.

(സി) പട്ടികജാതി വികസന വകുപ്പ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എന്നിവ മുഖേനയാണ് സംസ്ഥാനത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പ്രധാനമായും ആംഗ്ലോ ഇൻഡ്യൻ വിഭാഗക്കാരുടെ മക്കളുടെ വിദ്യാഭ്യാസം മുൻനിറുത്തിയാണ്.

20,000/- രൂപ വരെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് പ്ളസ് ടുവിലും സമാന കോഴ്സുകളിലും 25,000/- രൂപവരെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ബിരുദ കോഴ്സുകൾക്കും മുഴുവൻ ഫീസാനുകൂല്യവും അനുവദിക്കുന്നു. പ്രൊഫഷണൽ, പി.ജി. തലത്തിൽ പഠിക്കുന്ന ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളിൽ 36,000/- രൂപവരെ കുടുംബ വരുമാനമുള്ളവരുടെ മക്കൾക്ക് ഫീസ് സൗജന്യം ലംപ്സം ഗ്രാന്റ് സ്റ്റൈപ്പന്റ് എന്നിവയും 42,000/- രൂപവരെ വാർഷിക വരുമാനമുള്ളവരുടെ മക്കൾക്ക് ഫീസ് സൗജന്യവും ലംപ്സം ഗ്രാന്റ് മാത്രവും നൽകിവരുന്നു.

ഒന്നിടവിട്ട വർഷങ്ങളിൽ ആംഗ്ലോ ഇൻഡ്യൻസിനും യഹുദർക്കും എം.ബി.ബി.എസ്., എൻജിനിയറിംഗ്, ബി.ഡി.എസ്., ബി. എസ്. സി. നഴ്സിംഗ്, ബി.ഫാം, ബി.എസ്.സി. (എം.എൽ.റ്റി) എന്നീ കോഴ്സുകൾക്ക് ഓരോ സീറ്റു വീതം സംസ്ഥാനത്ത് സംവരണം ചെയ്തിട്ടുണ്ട്.

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കാർഷിക വ്യാവസായിക സേവന മേഖലയിലുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി
2. വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി
3. വിദ്യാഭ്യാസ വായ്പാ പദ്ധതി
4. വിവാഹ ധനസഹായം
5. കംപ്യൂട്ടർ വാങ്ങാനുള്ള ധനസഹായം
6. വിദേശത്ത് ജോലിക്കു പോകുന്നവർക്കുള്ള വായ്പാ പദ്ധതി
7. ഇരു ചക്ര വാഹന വായ്പ
8. സന്നദ്ധ സംഘടനകൾ വഴിയുള്ള ലഘുവായ്പാ പദ്ധതി

(ഡി) ഭരണഘടന അനുശാസിക്കുന്ന പ്രകാരം വിവിധ വിഭാഗങ്ങളുടെ വിശ്വാസവും ആചാരവും സംസ്ക്കാരവും പരിരക്ഷിക്കുന്നതിനുള്ള അവകാശം ഈ വിഭാഗത്തിനും ലഭ്യമാകുന്നുണ്ട്.

## കായംകുളം താപവൈദ്യുതി നിലയത്തിന്റെ നവീകരണം

292. ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപവൈദ്യുതി നിലയത്തെ ദ്രവീകൃത പ്രകൃതി വാതകം അടിസ്ഥാനമാക്കിയുള്ള ഒരു സൂപ്പർതാപവൈദ്യുത നിലയമാക്കി മാറ്റാനുള്ള ശ്രമം തുടരുമോ;

(ബി) നാഷണൽ തെർമൽ പവർ കോർപ്പറേഷൻ ഇതിനകം ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ദ്രവീകൃത പ്രകൃതിവാതകം ഉപയോഗിക്കുമ്പോൾ വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് കുറവായിരിക്കുമോ;

(ഡി) എങ്കിൽ കായംകുളത്തുനിന്നുള്ള വൈദ്യുതി പൂർണ്ണമായും നാഷണൽ ഗ്രിഡിലേക്ക് വിട്ടുകൊടുക്കാൻ സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്നത് സംസ്ഥാനത്തിന്റെ ദീർഘകാല താൽപ്പര്യത്തിന് വിരുദ്ധമാകുമോ?

**<u>ഉത്തരം</u>**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി):-**

(എ) തുടർന്നുവരുന്നു

(ബി) ഒരു നിശ്ചിത നിരക്കിൽ ദീർഘകാലാടിസ്ഥാനത്തിൽ ദ്രവീകൃത പ്രകൃതി വാതകം അന്താരാഷ്ട്ര വിപണിയിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി അറിയുന്നു.

(സി)യും (ഡി)യും ദ്രവീകൃത പ്രകൃതി വാതകത്തിന്റെ നിരക്കും അത് ഇവിടെ എത്തിക്കുന്നതിനും ബാഷ്പീകരണം നടത്തി ഉപയോഗിക്കുന്നതിനും മറ്റും വേണ്ട ചെലവുകൾ കൃത്യമായി കണക്കാക്കിയതിനുശേഷമേ ഇക്കാര്യത്തിൽ അഭിപ്രായം പറയാൻ കഴിയൂ.

## പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ

293. ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ടോ;

(ബി) ചരിത്ര പ്രധാനമുള്ള സ്മാരകങ്ങളും മറ്റു വസ്തുക്കളും ശരിയായ രീതിയില്ല സംരക്ഷിക്കുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതിപുരാതനമായ കെട്ടിടങ്ങളും മറ്റ് സംരക്ഷിതസ്മാരകങ്ങളും ശരിയായവിധം പരിരക്ഷിക്കുവാനോ തകരാറുകൾ പരിഹരിക്കുന്നതിനോ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) ഏതെല്ലാം സ്മാരകങ്ങളും കൊട്ടാരങ്ങളുമാണ് പുരാവസ്തു വകുപ്പിന്റെ കീഴിൽ സംരക്ഷിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പുരാവസ്തു വകുപ്പ് പുതിയ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

**<u>ഉത്തരം</u>**

**ശ്രീ. ടി. എം. ജേക്കബ് (ജലവിഭവ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുകൊണ്ടും വിനോദ സഞ്ചാര വകുപ്പ് കേന്ദ്രസർക്കാർ എന്നിവ നൽകുന്ന ഗ്രാന്റുകൊണ്ടും സംരക്ഷിതസ്മാരകങ്ങളുടെ സംരക്ഷണ പണികൾ ചെയ്തുവരുന്നുണ്ട്.

(സി) കേരളത്തിൽ പലസ്ഥലത്തായി സ്ഥിതി ചെയ്യുന്ന പുരാതന ചരിത്ര സ്മാരകങ്ങളും കെട്ടിട്ടങ്ങളും സംരക്ഷിക്കുന്നിനായി സർക്കാർ ഒരു ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മിറ്റിയ്ക്ക് രൂപം നൽകിയിട്ടണ്ട്. ടി കമ്മിറ്റി നൽകുന്ന നിർദ്ദേശപ്രകാരം പദ്ധതികൾ അംഗികരിച്ചു നടപ്പാക്കുന്നതാണ്.

(ഡി) പുരാവസ്തു വകുപ്പിന്റെ കീഴിൽ സംരക്ഷിക്കപ്പെടുന്ന സ്മാരകങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## <u>സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി/വർഗ്ഗക്കാർക്ക് വീട് വയ്ക്കാൻ പദ്ധതി</u>

294. ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക–പട്ടിക വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി/വർഗ്ഗക്കാർക്ക് വീടുവയ്ക്കാൻ ഭൂമി നൽകുന്നതിന് എന്തെങ്കിലും പദ്ധതി ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ഡോ. എം. എ. കുട്ടപ്പൻ (പിന്നോക്ക–പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി):–**

(എ) സംസ്ഥാനത്തെ സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി/വർഗ്ഗക്കാർക്ക് വീട് വയ്ക്കാൻ ഭൂമി നൽകുന്നതിന് പദ്ധതി നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യാനായി ഭൂമി കണ്ടെത്തുന്നതിനും ഭൂമിയുടെ ലഭ്യതയനുസരിച്ച് ഒരേക്കറിൽ കുറയാതെയും അഞ്ചേക്കറിൽ കൂടാതെയും അർഹരായവർക്ക് ഭൂമി വിതരണം ചെയ്ത് അവരെ പുനരധിവസിപ്പിക്കുന്നതിനും പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ എന്ന ഏജൻസി മുഖേന നടപടി സ്വീകരിച്ചു വരുന്നു.

ദൂരഹിത ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനു 19,500/– രൂപയും, പട്ടിക ജാതിയിൽ ഏറ്റവും പിന്നോക്കം നില്ക്കുന്ന വേടർ, വേടുവൻ, കരിംപാലൻ, മാവിലൻ വിഭാഗക്കാർക്ക് 32,500/– രൂപ ധനസഹായം അനുവദിക്കുന്നുണ്ട്.

പട്ടികജാതി/വർഗ്ഗ വികസന കോർപ്പറേഷൻ 1997–98 മുതൽ വരുമാന വർദ്ധനവിനോടൊപ്പം പാർപ്പിടവും ലഭ്യമാക്കുക എന്ന പദ്ധതി പ്രകാരം കുറഞ്ഞത് 2 സെന്റ് എങ്കിലും ഭൂമിയുള്ളവർക്ക് 31,000/– രൂപ വരെ നൽകുന്ന ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൻപ്രകാരം 2097 വീടുകൾ പൂർത്തിയാക്കി വരുന്നു.

## <u>പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായുള്ള ആശ്വാസ നടപടികൾ</u>

295. ഡോക്ടർ തോമസ് ഐസക് :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിനെ മാത്രം ആശ്രയിച്ച് ജീവിച്ചുപോരുന്ന സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികൾ ഇപ്പോൾ വരുമാനമാർഗ്ഗങ്ങളൊന്നും ഇല്ലാതെ ജീവിക്കാൻ പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരമ്പരാഗത മൽസ്യത്തൊഴിലാളികളെ വർഷകാലത്ത് സംരക്ഷിക്കുന്നതിനായി എന്തെല്ലാം ആശ്വാസ നടപടികൾക്കാണ് സർക്കാർ രൂപം നൽകിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനകം മൽസ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കിയ അനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ഡി) കടലിൽ പോകുന്ന മൽസ്യത്തൊഴിലാളികളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) പഞ്ഞമാസങ്ങളിൽ മൽസ്യത്തൊഴിലാളികളുടെ വരുമാന മാർഗ്ഗം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനായി സംപാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ക്ഷേമ നിധി ബോർഡിൽ അപ്രതീക്ഷിതമായ അപകടം മൂലവും കാലവർഷക്കെടുതികൾ മൂലവും ദുരിതം സംഭവിക്കുമ്പോൾ ചെയർമാൻസ് റിലീഫ് പദ്ധതി മുഖേന അടിയന്തിര ധനസഹായം നൽകുന്നു. ഇത്തരം അവസരത്തിൽ 2500/- രൂപ വരെ നൽകാൻ മൽസ്യഫെഡിന് പദ്ധതികളുണ്ട്.

(സി) സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം ജൂൺ, ജൂലായ് മാസങ്ങളിൽ കടൽ മൽസ്യതൊഴിലാളികൾക്ക് വിതരണം ചെയ്യാനായി 4.98 കോടി രൂപ അനുവദിച്ചു.

മൽസ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള മൽസ്യത്തൊഴിലാളികളുടെയും അവരുടെ കുടുംബത്തിന്റെയും സംരക്ഷണത്തിനായി ക്ഷേമനിധിബോർഡ് മുഖേന 21 ക്ഷേമ ആശ്വസപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.

(ഡി) മൽസ്യത്തൊഴിലാളികൾ മൽസ്യബന്ധത്തിനായി കടലിൽ പോകുംപോൾ താഴെപ്പറയുന്ന സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. കടലിൽ പോകന്ന മൽസ്യത്തൊഴിലാളികളെ ആപൽഘട്ടങ്ങളിൽ രക്ഷിക്കാൻ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതലയിൽ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് വാർത്തവിനിമയ സംവിധാനത്തോടു കൂടിയ പട്രോൾ ബോട്ടുകളെ സദാസമയവും തയ്യാറാക്കി നിറുത്തിയിട്ടുണ്ട്.
2. പരിശീലനം ലഭിച്ച മൽസ്യത്തൊഴിലാളികളെ കടൽ രക്ഷാപ്രവർത്തനത്തിന് സജ്ജാമക്കിയിട്ടുണ്ട്.
3. ഫിഷറീസ് വകുപ്പ് മുഖേനയുള്ള സംവിധാനങ്ങൾ ഫലപ്രദമാകാതെ വന്നാൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി നേവി, കോസ്റ്റ് ഗാർഡ് എന്നിവയുടെ സേവനം സ്വീകരിക്കുന്നുണ്ട്.
4. കടലിൽ അകപ്പെട്ടുപോകുന്ന മൽസ്യത്തൊഴിലാളികൾക്കു കരയുമായി ബന്ധപ്പെടുന്നതിനുവേണ്ടി ഒരു വാർത്താവിനിമയ ശൃംഖല ഈ മാസം മുതൽ സജ്ജമാക്കിയിട്ടുണ്ട്.

## വൈദ്യുതി ബോർഡിന്റെ വായ്പ തിരിച്ചടവ്

296. ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് പൊതുകടം എടുക്കുമ്പോൾ അത് തിരിച്ചുകൊടുക്കുന്നതിനുവേണ്ട എന്തെങ്കിലും വിധത്തിലുള്ള സേവിംഗ്സോ നിക്ഷേപമോ നടത്താറുണ്ടോ;

(ബി) പൊതുകടമെടുക്കുമ്പോൾ അതിന്റെ കാലാവധി തീരുന്ന മുറയ്ക്ക് അതെപ്രകാരം തിരിച്ചുകൊടുക്കാമെന്ന നിബന്ധനയിലാണ് പൊതുകടം എടുക്കുന്നത്;

(സി) ഇക്കഴിഞ്ഞ് അഞ്ചു വർഷത്തിനുള്ളിൽ ഒരു കടം കൊടുത്തു തീർക്കുന്നതിനുവേണ്ടി മറ്റൊരു കടം വൈദ്യുതി ബോർഡിന് എടുക്കേണ്ടതായി വന്നിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പുമന്ത്രി):-**

(എ) സാധാരണയായി പൊതുകടം തിരിച്ചടയ്ക്കാൻ വേണ്ടി നിക്ഷേപങ്ങൾ നടത്താറില്ല. എന്നാൽ രണ്ട് സന്ദർഭങ്ങളിൽ നിക്ഷേപങ്ങൾ നടത്തേണ്ടി വന്നിട്ടുണ്ട്.

(ബി) സാംപത്തിക സഹായം നൽകുന്ന സ്ഥാപനങ്ങളുടെ വിവിധ വായ്പാ പദ്ധതികൾ അനുസരിച്ചുള്ള നിബന്ധനകൾ പ്രകാരമാണ് വായ്പ തിരിച്ചടയ്ക്കുന്നത്.

(സി) ആഭ്യന്തര വിഭവ സമാഹരണത്തിൽ കുറവ് വരുന്നതുകൊണ്ട് ഇങ്ങനെ സംഭവിക്കാറുണ്ട് 1997-1998 മുതൽ 2000-01 വരെ ആകെ 625.34 കോടി രൂപ ഇങ്ങനെ സമാഹരിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗക്കാരുടെ മാത്രമായ കലോൽസവങ്ങൾ സംഘടിപ്പിക്കുവാൻ നടപടി

297. ശ്രീ. എം.എ. ചന്ദ്രശേഖരൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ബി. വിജയകുമാർ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പട്ടികവർഗ്ഗക്കാരുടെ മാത്രമായ കലോൽസവങ്ങൾ നടത്താറുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(സി) കേരളോൽസവത്തിൽ പട്ടികവർഗ്ഗക്കാർക്കുവേണ്ടി മാത്രം ഒരു കലോൽസവം സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) പതിനഞ്ചു വയസിനും 35 വയസിനും ഇടയ്ക്കുള്ള എല്ലാ വിഭാഗം യുവതീ യുവാക്കളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ഗ്രാമതലം മുതൽ കേരളോൽസവം നടത്തുന്നത്. കേരളോൽസവത്തിൽ പട്ടികവർഗ്ഗക്കാർക്കുവേണ്ടി മാത്രം ഒരു കലോൽസവം സംഘടിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

## ഗാർഹിക വൈദ്യുതി ചാർജ്ജ്

298. പ്രൊഫസർ എ.ഡി. മുസ്തഫ:
ശ്രീ. വി. ബാലറാം:
ശ്രീ. എ.കെ. മണി:
ശ്രീ. കെ. ബാബു:
ശ്രീ. കെ. പി. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന വൈദ്യുതിബില്ലിൽ എന്തെല്ലാം ഇനത്തിലുള്ള ചാർജ്ജാണ് ഈടാക്കുന്നത്;

(ബി) രണ്ടു മാസത്തെ വൈദ്യുതി ഉപഭോഗത്തിനുള്ള ബില്ല് ഒന്നായി നൽകുമ്പോൾ ഉപഭോക്താവ് ഉപയോഗിച്ച വൈദ്യുതിയുടെ വില കണക്കാക്കുന്നത് രണ്ടു മാസത്തേക്ക് ഒന്നിച്ചാണോ അതോ ആകെ ഉപഭോഗത്തിന്റെ പകുതി വീതം ഓരോ മാസത്തേക്കുമായി പരിഗണിച്ച് രണ്ടായി വില നിശ്ചയിച്ച് ഒന്നിച്ച് കാണിക്കുകയാണോ ചെയ്യുന്നത്;

(സി) ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതിവില നിശ്ചയിക്കുന്നതു സംബന്ധിച്ച റഗുലേഷന്റെ വിശദവിവരം വ്യക്തമാക്കുമോ;

(ഡി) വൈദ്യുതിവില കണക്കാക്കുന്നതിൽ ഓരോ സ്ലാബിന്റേയും റേറ്റ് എത്രയെന്ന് വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പു മന്ത്രി):-**

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന ബില്ലിൽ പൊതുവായി ഈടാക്കുന്ന ചാർജ്ജുകൾ എനർജി ചാർജ്ജ്, ഇലക്ട്രിസിറ്റി ഡ്യൂട്ടി എന്നിവയാണ്. ഉപഭോക്താവിന് കണക്ഷൻ നൽകിയ രീതിയെ അടിസ്ഥാനമാക്കി മീറ്റർ വാടക, ലൈൻ വാടക, സർവീസ് കണക്ഷൻ മിനിമം ഗ്യാരന്റി ചാർജ്ജ്. ലൈൻ എക്സ്റ്റൻഷൻ മിനിമം ഗ്യാരന്റി ചാർജ്ജ് എന്നിവയും ഈടാക്കാറുണ്ട്.

(ബി) ആകെ ഉപഭോഗത്തിന്റെ പകുതി വീതം ഓരോ മാസത്തേക്കുമായി പരിഗണിച്ച് രണ്ടാക്കി വില നിശ്ചയിച്ച് ഒന്നിച്ച് കാണിക്കുകയാണ് ചെയ്യുന്നത്.

(സി)1948-ലെ ഇലക്ട്രിസിറ്റി സപ്ലൈ നിയമത്തിന്റെ 49-ാം വകുപ്പുപ്രകാരം ഇലക്രിസിറ്റിയുടെ താരിഫ് നിശ്ചയിക്കുന്നതിനും വിതരണത്തിന്റെ നിബന്ധനകൾ തീരുമാനിക്കുന്നതിനുമുള്ള അധികാരം ബോർഡിന് നൽകിയിട്ടുണ്ട്. ഇതേ നിയമത്തിന്റെ 59-ാം വകുപ്പുപ്രകാരം 3 ശതമാനത്തിൽ കുറയാതെ ഓരോ വർഷവും വരുമാന മിച്ചം

ലഭ്യമാകത്തക്ക വിധത്തിൽ താരിഫ് നിശ്ചയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ചട്ടങ്ങളും നടപടിക്രമങ്ങളും പുറപ്പെടുവിക്കുവാൻ സെക്ഷൻ 79-ലെ ഉപവകുപ്പു (ജെ) പ്രകാരം ബോർഡിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രസ്താവിച്ച നിയമ വകുപ്പുകൾക്കനുസൃതമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ജനറൽ താരിഫ് റെഗുലേഷൻ എന്ന പേരിൽ 1966-ൽ പുറപ്പെടുവിച്ച ചട്ടങ്ങളും ബോർഡ് വൈദ്യുതി വിതരണത്തിന്റെ നിബന്ധനകൾ നിജപ്പെടുത്തിക്കൊണ്ടുള്ള 'Conditions of Supply of Electrical Energy' റെഗുലേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിവരിച്ച നിയമങ്ങളുടേയും ചട്ടങ്ങളുടേയും വെളിച്ചത്തിലാണ് ഉപഭോക്താക്കൾക്കുള്ള താരിഫ് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി വില കണക്കാക്കുന്നതിൽ ഓരോ സ്ലാബിന്റേയും റേറ്റ് താഴെപറയും പ്രകാരമാണ്.

| | | |
|---|---|---|
| 40 യൂണിറ്റ് വരെ | – | 90 പൈസ/യൂണിറ്റ് |
| 41 മുതൽ 80 യൂണിറ്റ് വരെ | – | 140 പൈസ/യൂണിറ്റ് |
| 81 മുതൽ 120 യൂണിറ്റ് വരെ | – | 165 പൈസ/യൂണിറ്റ് |
| 121 മുതൽ 150 യൂണിറ്റ് വരെ | – | 2.00 പൈസ/യൂണിറ്റ് |
| 151 മുതൽ 200 യൂണിറ്റ് വരെ | – | 2.65 പൈസ/യൂണിറ്റ് |
| 201 മുതൽ 300 യൂണിറ്റ് വരെ | – | 3.30 പൈസ/യൂണിറ്റ് |
| 301 മുതൽ 500 യൂണിറ്റ് വരെ | – | 4.30 പൈസ/യൂണിറ്റ് |
| 501 യൂണിറ്റ് മുതൽ | – | 4.45 പൈസ/യൂണിറ്റ് |

## <u>ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി കുറയുന്ന പ്രതിഭാസം</u>

299. ശ്രീ. ജോണി നെല്ലൂർ:
ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. എ.എൻ. രാജൻ ബാബു:
ശ്രീ. കെ.കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിലെ ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഭൂഗർഭ ജലനിരപ്പ് വളരെ കുറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അളവ് കുറയാനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. ടി.എം. ജേക്കബ് (ജലവിഭവ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ്, നെടുമങ്ങാട്, നെയ്യാററിൻകര താലൂക്കുകളിലും പത്തനംതിട്ട ജില്ലയിൽ അടൂർ, മല്ലപ്പള്ളി, റാന്നി, തിരുവല്ല താലൂക്കുകളിലും, കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്, കാസർഗോഡ് താലൂക്കുകളിലും ജലവിതാനം കുറഞ്ഞിട്ടുള്ളതായി ഹൈഡ്രോളജി പ്രോജക്ററിന്റെ പഠനങ്ങൾ വഴി കണ്ടെത്തിയിട്ടുണ്ട്.

(സി) ഭൂജലത്തിന്റെ ഉപയോഗം കൂടുന്നത് കൊണ്ട് റീചാർജ്ജിന്റെ കുറവുമൂലവും ആണ് ഭൂജലത്തിന്റെ അളവ് കുറയുന്നതായി കണക്കാക്കുന്നത്.

(ഡി) ഭൂഗർഭ ജലത്തിന്റെ അളവ് കൂടുന്നതിനായി ഭൂജലവകുപ്പു, കൃത്രിമ സംപോഷണത്തിനായി ഭൂഗർഭ തടയണകളുടെ നിർമ്മാണം, ചെക്ക് ഡാം നിർമ്മാണം എന്നിവ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ ചെറിയ കിടങ്ങുകൾ, പിറ്റുകൾ, കോൺടൂർ ട്രൻചിംഗ് മുതലായ മാർഗ്ഗങ്ങളും പത്താം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭൂജലത്തിന്റെ അളവ് കുറയുന്നതായിട്ടുള്ളതും കുടിവെള്ളക്ഷാമം അനുഭവിക്കുന്നതുമായ സ്ഥലങ്ങളിൽ റൂഫ്ടോപ്പ് റെയിൽ വാട്ടർ ഹാർവെസ്റ്റിംഗ് മാർഗ്ഗവും, മഴവെള്ളം പാഴാക്കാതെ കൃത്രിമ സംപോഷണത്തിലൂടെ ഉപയുക്തമാക്കാനുള്ള നടപടികൾ പരിഗണിച്ചു വരുന്നു.

**ഡാമുകൾക്കും ജനറേറ്റിംഗ് സ്റ്റേഷനുകൾക്കും സുരക്ഷാ ഏർപ്പാടുകൾ**

300. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. ഡി. സുഗതൻ:
ശ്രീ. എ.പി. അനിൽകുമാർ:
ശ്രീമതി. മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ഡാമുകൾക്കും ജനറേറ്റിംഗ് സ്റ്റേഷനുകൾക്കും എന്തെല്ലാം വിധത്തിലുള്ള സുരക്ഷാ ഏർപ്പാടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) പ്രധാന ട്രാൻസ്മിഷൻ ലൈനുകൾക്കും ടവറുകൾക്കും എന്തെങ്കിലും സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ടെറ്റിസത്തിന്റെതായ ഇക്കാലത്ത് ഡാമുകൾക്കും ജനറേറ്റിംഗ് സ്ററേഷനുകൾക്കും ട്രാൻസ്മിഷൻ ടവറുകൾക്കും സുരക്ഷ ഏർപ്പെടുത്തേണ്ടതാണെന്ന് കരുതുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തി വകുപ്പു മന്ത്രി):-**

(എ) ഡാമുകളുടെ സുരക്ഷാ ചുമതല ചീഫ് എഞ്ചിനീയർ (ഇൻവെസ്റ്റിഗേഷൻ, പ്ലാനിംഗ്, ഡിസൈൻ ആന്റ് സേഫ്റ്റ് ഓഫ് ഡാംസ്)നെയും ജനറേറ്റിംഗ് സ്റ്റേഷനുകളുടെ സുരക്ഷാ ചുമതല ചീഫ് എഞ്ചിനീയർ (ജനറേഷൻ) നെയും ഏൽപ്പിച്ചിട്ടുണ്ട്.

ഇവരുടെ മേൽനോട്ടത്തിൽ കേരള പോലീസ് വകുപ്പ്, കേരള എക്സ് സർവ്വീസസ് ലീഗ്, സെക്യൂറിറ്റി ഓർഗനൈസേഷൻ, കേരള ല്റ്റേറ്റ് എക്സ് സർവ്വീസസ് ലീഗ്, വിമുക്തഭടൻമാർ കേരള സായുധ പോലീസ് എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. പ്രധാന ഡാമുകളിലും ജനറേറ്റിംഗ് സ്റ്റേഷനുകളിലും 24 മണിക്കൂറും സുരക്ഷാ ക്രമീകരണങ്ങളുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

**ഫിഷറീസ് ടൂറിസം നടപ്പാക്കാൻ നടപടി**

301. ശ്രീ. എൻ.ഡി. അപ്പച്ചൻ:
പ്രൊഫസർ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ജോർജ് ജെ. മാത്യു:
ശ്രീ. കെ. ബാബു:
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഫിഷറീസ് ടൂറിസം നടപ്പാക്കാൻ ഉദ്ദേശ്യം ഉണ്ടോ; എങ്കിൽ ഇത് എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നടത്തിപ്പിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പങ്ക് എന്താണ് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**പ്രൊ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ)യും (ബി)യും

ഫിഷറീസ് ടൂറിസം സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു നവീന ആശയമാണ്. ഇക്കാര്യത്തിൽ ക്രിയാതമകമായ എന്തുതരം പദ്ധതികൾ നടപ്പിലാക്കാൻ കഴിയും എന്നകാര്യം (പ്രത്യേകിച്ച് കായൽ മൽസ്യകൃഷിയും ടൂറിസം വികസനവും) സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**ജലാശയങ്ങൾ മൽസ്യകൃഷിക്കായി പാട്ടത്തിന് നൽകാൻ നടപടി**

302 ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ജലാശയങ്ങൾ മൽസ്യകൃഷിക്ക് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജലാശയങ്ങൾ മൽകൃഷിക്കായി പാട്ടത്തിന് നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**പ്രൊ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് വരികയാണ്. അന്തിമ തീരുമാനം ആയിട്ടില്ല.

## ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

303. ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. എ.എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പൂർണ്ണമായ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിനായി തീരുമാനമെടുക്കുന്നതിന് ആധാരമായി സർക്കാർ സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി)പരമ്പരാഗത മത്സ്യത്തൊഴിലാളികൾ വള്ളത്തിൽ നടത്തുന്ന മത്സ്യബന്ധനം മത്സ്യങ്ങളുടെ പ്രത്യുൽപാദനത്തെ എങ്ങനെ ബാധിക്കുന്നു എന്ന് വിശദമാക്കുമോ;

(സി) പൂർണ്ണ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) ട്രോളിംഗ് നിരോധനംമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

**ഉത്തരം**

**പ്രൊ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പു മന്ത്രി):-**

(എ) പൂർണ്ണമായ ട്രോളിംഗ് നിരോധനം സർക്കാർ ഏർപ്പെടുത്തിയിട്ടില്ല യന്ത്രവൽകൃത ബോട്ട് ട്രോളിംഗ് മാത്രമേ നിരോധിച്ചിട്ടുള്ളു.

(ബി) മത്സ്യങ്ങളുടെ പ്രജനനം ആഴക്കടലിലാണ് നടക്കുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തീരക്കടലിൽ നാടൻ വള്ളങ്ങളിൽ സാധാരണ വലകൾ ഉപയോഗിച്ച് നടത്തുന്ന മത്സ്യബന്ധനം മത്സ്യങ്ങളുടെ പ്രത്യുൽപ്പാദനത്തെ ബാധിക്കുന്നില്ല എന്നാണ് ശാസ്ത്രനിഗമനം.

(സി) പൂർണ്ണമായ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) സംപാദ്യ ദുരിതാശ്വാസ പദ്ധതി നിലവിലുണ്ട്. ട്രോളിംഗ് നിരോധനത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേക ദുരിതാശ്വാസ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## കൊച്ചിയിൽ അന്താരാഷ്ട്ര ടൂറിസ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിന് നടപടി

304. ശ്രീ. തോമസ് ചാഴികാടൻ:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം വികസനത്തിന്റെ ഭാഗമായി കൊച്ചിയിൽ അന്താരാഷ്ട്ര ടൂറിസ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ടോ;

(സി) ഈ സംരംഭത്തിന് എത്രകോടി രൂപ മുതൽമുടക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ഇതിനുവേണ്ടി മറ്റേതെങ്കിലും ഏജൻസികളുടെ സാമ്പത്തികസഹായം ലഭിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**പ്രൊഫ. കെ.വി. തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) ടൂറിസം, ഫിഷറീസ് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ചേർന്ന് എറണാകുളം ജില്ലയിൽ കുമ്പളങ്ങിഗ്രാമം ഒരു മാതൃകാ ഗ്രാമമാക്കുന്നതിന് നടപടി തുടങ്ങിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) &(ഡി) 25 കോടി രൂപയുടെ പദ്ധതിയാണ് രൂപകൽപ്പന ചെയ്യുന്നത്. എറണാകുളത്തെ കുമാർ ഗ്രൂപ്പാണ് കൺസൾട്ടിംഗ് ഏജൻസി.

## എ.ഡി.ബി.യ്ക്ക് മുൻ ഗവൺമെന്റ് നൽകിയിരുന്ന ഉറപ്പുകൾ

305. ശ്രീ. ടി.എൻ. പ്രതാപൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. കെ. മുഹമ്മദാലി:
ശ്രീ. എം.എ. ചന്ദ്രശേഖരൻ:
ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വൈദ്യുതി റഗുലേറ്ററി കമ്മീഷനെ നിയമിക്കാമെന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് എ.ഡി.ബി.യ്ക്ക് ഉറപ്പ് നൽകിയിരുന്നുവോ;

(ബി) കാലാകാലങ്ങളിൽ വൈദ്യുതിയുടെ വിലനിരക്ക് പുന:ക്രമീകരിക്കാമെന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് എ.ഡി.ബി.യോട് സമ്മതിച്ചിരുന്നുവോ;

(സി) വൈദ്യുതി രംഗത്ത് എന്തെല്ലാം പരിഷ്ക്കാരങ്ങൾ വരുത്താമെന്നാണ് എൽ.ഡി.എഫ്. ഗവൺമെന്റ് എ.ഡി.ബി.യ്ക്ക് ഉറപ്പുകൊടുത്തിരുന്നത്?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തിവകുപ്പുമന്ത്രി):-**

(എ) എ.ഡി.ബി.യുടെ ഉന്നതതല കമ്മിറ്റിയുമായി എൽ.ഡി.എഫ് സർക്കാർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് 1998 ഒക്ടോബറിൽ അയച്ച കൺസപ്റ്റ് പേപ്പറിൽ 31-3-99ന് മുൻപ് താരിഫ് കമ്മിഷനെ നിയമിക്കുന്നതാണെന്ന് പറഞ്ഞിരുന്നു.

(ബി) കെ.എസ്.ഇ.ബി.യുടെ ഓപ്പറേറ്റിംഗ് ചെലവ് ഡിപ്രിസിയേഷൻ, പലിശ എന്നിവയെല്ലാം കവർ ചെയ്യുന്ന രീതിയിൽ താരിഫ് പുന:ക്രമീകരിക്കുന്നതാണെന്നും പ്രോഗ്രാം താരിഫ് റാഷണലൈസ് ചെയ്യുന്നതാണെന്നും കൺസപ്റ്റ് പേപ്പറിൽ പറഞ്ഞിരുന്നു.

(സി) ബോർഡിന്റെ പുനസംഘടനയെ മുൻനിർത്തി ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിങ്ങനെ മൂന്നുലാഭ കേന്ദ്രങ്ങളായി ബോർഡിനെ 31-3-99-നു മുൻപായി വിഭജിക്കുന്നതിന് ആലോചിക്കുന്നതായും കൂടാതെ ബോർഡിന്റെ പ്രവർത്തനരംഗത്ത് പുരോഗതി ഉണ്ടാകുന്നതിലേക്കായി 31-3-99-നു മുൻപ് ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഒരു പ്രൊഫഷണൽ ഏജൻസിയെ നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നതായും എ.ഡി.ബി.യെ അറിയിച്ചിട്ടുണ്ട്.

## ഭൂമിക്കടിയിൽക്കൂടി കേബിളുകൾ വഴി വൈദ്യുതി കണക്ഷൻ നൽകുന്ന സ്കീം

306. ശ്രീ. മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിക്കടിയിൽക്കൂടി കേബിളുകൾ വഴി വൈദ്യുതി കണക്ഷൻ നൽകുന്ന സ്കീം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇത് സ്ഥാപിക്കുന്നതുമൂലം പ്രസരണ നഷ്ടവും അപകട സാദ്ധ്യതയും ഒഴിവാക്കുവാൻ എത്രമാത്രം കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സ്കീം ഉപഭോക്താവിന് എത്രമാത്രം ആദായകരമെന്ന് വിശദമാക്കാമോ;

(ഡി) ആദായകരമെങ്കിൽ ഈ രീതി കൂടുതൽ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കടവൂർ ശിവദാസൻ (വിദ്യുച്ഛക്തിവകുപ്പുമന്ത്രി):-**

(എ) ഉപഭോക്താവിന്റെ താല്പര്യപ്രകാരമാണ് ഭൂമിക്കടിയിൽ കൂടി കേബിൾ സർവ്വീസ് നൽകാറുള്ളത്. വൈദ്യുതി പോസ്റ്റിൽ നിന്നും പരമാവധി 235 മീറ്റർ ദൂരെവരെയാണ് ഈ വിധത്തിൽ കണക്ഷൻ നൽകുക. ആവശ്യമായ വൈദ്യുതി പ്രവഹിക്കാനുള്ള ശേഷിയും നിർദ്ദിഷ്ട ഗുണനിലവാരവുമുള്ള കേബിളും ഉപഭോക്താവ് സ്വന്തം ചെലവിൽ വാങ്ങി ബോർഡിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഇടേണ്ടതാണ്. കേബിൾ ഇടുന്നതിന് ഹൈവേകൾ, റോഡുകൾ, ജലമാർഗ്ഗങ്ങൾ എന്നിവ മുറിച്ചുകടക്കേണ്ടിവന്നാൽ ബന്ധപ്പെട്ട അധികാരികളുടെ അനുമതിയും അന്യരുടെ സ്ഥലത്തുകൂടി കടന്നുപോകേണ്ടി വന്നാൽ വസ്തു ഉടമകളുടെ അനുവാദവും ഉപഭോക്താവ് വാങ്ങി നൽകേണ്ടതാണ്. കൂടാതെ നിർദ്ദിഷ്ട ഒ.വൈ.ഇ.സി തുകയും അടയ്ക്കേണ്ടതാണ്. പോസ്റ്റ് ആവശ്യമില്ലാതെ വെതർപ്രൂഫ് കണക്ഷനുകൾക്കുള്ള മുൻഗണനാക്രമമാണ് കേബിൾ കണക്ഷനുകൾക്ക് നൽകുക. കേബിളോ അനുബന്ധ സാമഗ്രികളോ കേടാവുന്നപക്ഷം ആയത് ഉപഭോക്താവ് വാങ്ങി ബോർഡിന് നൽകുകയും അവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് വഹിക്കേണ്ടതുമാണ്.

(ബി) ഇപ്രകാരം കണക്ഷൻ നൽകുന്നതുമൂലം പ്രസരണ നഷ്ടത്തിനുണ്ടാകുന്ന വ്യത്യാസം പഠനവിധേയമാക്കിയിട്ടില്ല. ഓവർ ഹെഡ് ലെയിൻ പൊട്ടിവീണ് ഉണ്ടാകുന്ന അപകട സാദ്ധ്യത കേബിളിന്റെ കാര്യത്തിൽ ഇല്ലാതാകുന്നതാണ്.

(സി) ഓവർ ഹെഡ് കണക്ഷൻ എടുക്കുന്നതിനുള്ള ഒ.വൈ.ഇ.സി തുകയുടെ ഏകദേശം 60% ത്തോളമാണ് കേബിൾവഴി കണക്ഷൻ എടുക്കുന്നതിന് വേണ്ടിവരുന്ന ചെലവ്. എന്നാൽ കേബിൾ തകരാറായാൽ ഉപഭോക്താവിന്റെ ചെലവിൽ പുന:സ്ഥാപിക്കേണ്ട ബാദ്ധ്യതയും ഉണ്ട്.

(ഡി) ഉപഭോക്താവിന് താൽപ്പര്യം ഉണ്ടെങ്കിൽ ഈ രീതിയിൽ കണക്ഷൻ എടുക്കാവുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്കായുള്ള പദ്ധതികൾ

307. ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്കായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവരുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി):-**

(എ) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി)&(സി) ഉണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽ ബയോടെക്നോളജി മാനേജ്മെന്റ് സയൻസ്, ഇതര നൂതന ശാസ്ത്രവിഷയങ്ങൾ ഇവയിൽ ഉന്നതപഠനത്തിനും ഗവേഷണത്തിനും സമർത്ഥരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കൊണ്ടുവരുന്നതിന് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം ഐ.ഐ.എം.നോട് ചേർന്ന് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രോണിക് കമ്പ്യൂട്ടർ ഇൻഫർമേഷൻ ടെക്നോളജി മുതലായവയിലും മറ്റ് ഹൈടെക് കോഴ്സുകളിലും ചേരുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ സകല ചെലവും വകുപ്പ് വഹിക്കുന്നതാണ്. മിടുക്കരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കി പ്രതിഭകളാക്കി തീർക്കുന്നതിനുവേണ്ടി ''അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സേർച്ച് ആന്റ് ഡവലപ്മെന്റ് സ്കീം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് നൽകിവരുന്ന ട്യൂട്ടോറിയൽ പദ്ധതി പുന:ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു.

പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് തിരുവനന്തപുരം ഞാറക്കിലിയിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതാണ്.

**കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധനത്തിന് നിജപ്പെടുത്തിയിട്ടുള്ള ഏരിയ**

308. ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മൽസ്യത്തൊഴിലാളികൾക്ക് മൽസ്യ ബന്ധനത്തിന് സമുദ്രത്തിൽ ഏരിയ നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) നാടൻ വള്ളങ്ങൾക്കും യന്ത്രവൽകൃത ബോട്ടുകൾക്കും മീൻപിടിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള ഏരിയകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥലത്ത് മറ്റ് സംസ്ഥാനങ്ങളുടെ ഫിഷിംഗ് ബോട്ടുകളോ വിദേശകപ്പലുകളോ മൽസ്യബന്ധനം നടത്താറുണ്ടോ;

(ഇ) എങ്കിൽ ഇത് ഒഴിവാക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ;

(എഫ്) വിദേശകപ്പലുകൾ മൽസ്യബന്ധനം നടത്തുന്നത് സംസ്ഥാനത്ത് മൽസ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും ദോഷം വരുത്തുന്നുണ്ടോ;

(ജി) ഇക്കാര്യം സംസ്ഥാനസർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(എച്ച്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**പ്രൊഫ. കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ടെറിട്ടോറിയിൽ (12 നോട്ടിക്കൽ മൈൽ/22 കി.മീ) അതിർത്തിക്കുള്ളിൽ കടൽ മത്സ്യബന്ധനത്തിന് കേരള കടൽ മത്സ്യബന്ധന നിയമം, 1980 പ്രകാരമുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) 1. കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ എസ്.ആർ.ഒ. നമ്പർ 449/68 അനുസരിച്ച് കൊല്ലങ്കോടു മുതൽ പരവൂർ പൊഴിക്കരവരെയുള്ള 78 കി.മീ. നീളത്തിലുള്ള തീരക്കടലിൽ 30 മീറ്റർ ആഴംവരെയുള്ള ഭാഗത്തും പരവൂർ പൊഴിക്കര മുതൽ മഞ്ചേശ്വരം വരെയുള്ള 512 കി.മീ. നീളത്തിലുള്ള തീരക്കടലിൽ 20 മീറ്റർ ആഴം വരെയുള്ള ഭാഗത്തും യന്ത്രവൽകൃത മത്സ്യബന്ധനം നിരോധിച്ചിരിക്കുന്നു. യന്ത്രം ഘടിപ്പിച്ച വള്ളങ്ങൾക്ക് ഈ നിരോധനം ബാധകമല്ല.

2. കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ എസ്.ആർ.ഒ. നമ്പർ 1496/84 പ്രകാരം സംസ്ഥാനത്തെ മുഴുവൻ ടെറിട്ടോറിയൽ പ്രദേശത്തും പഴ്സീൻ, റിംഗ്സീൻ, പെലാറ്റിക് ട്രോൾ, മിഡ് വാട്ടർട്രോൾഎന്നീ മത്സ്യബന്ധന രീതികൾ നിരോധിച്ചിരിക്കുന്നു.

3. സംസ്ഥാനത്തിന്റെ മുഴുവൻ ടെറിട്ടോറിയൽ പ്രദേശത്തും 35 എം.എം. സൈസിൽ താഴെ കണ്ണി വലിപ്പമുള്ള ട്രോൾനെറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിച്ചിരിക്കുന്നു.

4. ട്രോളിംഗ് നിരോധിക്കുന്ന കാലയളവിൽ യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ച് നടത്തുന്ന ആഴക്കടൽ ട്രോളിംഗ് കേരളത്തിന്റെ ടെറിട്ടോറിയൽ പ്രദേശത്ത് നിരോധിക്കാറുണ്ട്.

5. നിരോധിത വലകൾ ഉപയോഗിക്കാത്ത യന്ത്രം ഘടിപ്പിച്ചതും അല്ലാത്തതുമായ നാടൻ വള്ളങ്ങൾക്ക് മത്സ്യബന്ധനത്തിന് പരിധിയില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ദോഷം വരുത്താൻ ഇടയുണ്ട്.

(ജി) പക്ഷെ ഇത്തരം സംഭവങ്ങൾ സംസ്ഥാനസർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(എച്ച്) ഉദിക്കുന്നില്ല.

**യുവജനോൽസവങ്ങളിൽ ദളിത് വിഭാഗങ്ങളുടെ കലകൾക്കുകൂടി മത്സരം ഏർപ്പെടുത്തുവാൻ നടപടി**

309. പ്രൊഫസർ സാവിത്രി ലക്ഷ്മണൻ:

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യുവജനോൽസവങ്ങളിലും കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി നടത്തപ്പെടുന്ന യുവജനോൽസവങ്ങളിലും ദളിത് വിഭാഗത്തിൽ പെടുന്നവർക്ക് അർഹിക്കുന്ന പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ബി) ഇക്കഴിഞ്ഞ മൂന്ന് സ്കൂൾ യുവജനോൽസവത്തിലും കോളേജ് യുവജനോൽസവത്തിലും ദളിത് വിഭാഗത്തിൽപ്പെട്ടവർക്ക് സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ-കോളേജ് യുവജനോൽസവങ്ങളിൽ ദളിത് വിഭാഗങ്ങളുടെ കലകൾക്കുകൂടി മൽസരം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ഡോ. എം.എ. കുട്ടപ്പൻ (പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) ഉണ്ട്. ഇവരുടേതായ പ്രത്യേക ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

(സി) കേരളത്തിൽ പ്രചാരത്തിലുള്ള ഏറെക്കുറെ എല്ലാ നാടൻകലകളും സ്കൂൾ-കോളേജ് യുവജനോത്സവ മത്സരങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവജനോത്സവങ്ങളിൽ ദളിത് വിഭാഗങ്ങളുടെ കലകൾക്ക് എല്ലാവിധ പ്രോത്സാഹനവും നൽകിയിട്ടുണ്ട്.

**മൽസ്യത്തൊഴിലാളി ക്ഷേമനിധിബോർഡിലേക്ക് കയറ്റുമതിക്കാരുടെ വിഹിതം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി**

310. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യക്കയറ്റുമതിക്കാർ മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അടക്കേണ്ട വിഹിതം അടയ്ക്കുന്നതിൽനിന്ന് സുപ്രീംകോടതി മൽസ്യക്കയറ്റുമതിക്കാരെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് അതിന് പ്രാബല്യമുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ക്ഷേമനിധിബോർഡിലേക്ക് കയറ്റുമതിക്കാരുടെ വിഹിതം ലഭ്യമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) കയറ്റുമതിക്കാരുടേതായി എത്രകോടി രൂപയാണ് സുപ്രീംകോടതി തീരുമാനംമൂലം ക്ഷേമനിധിബോർഡിന് ലഭിക്കാതെ പോകുന്നത് എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**പ്രൊഫ. കെ.വി.തോമസ് (ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിലെ സെക്ഷൻ 4(2) പ്രകാരമാണ് മത്സ്യവ്യാപാരികളും മൽസ്യക്കയറ്റുമതിക്കാരും ക്ഷേമനിധിയിലേക്ക് വിഹിതം അടക്കേണ്ടിയിരുന്നത്. സുപ്രീം കോടതി 1-2-2002-ൽ ആക്ടിലെ പ്രസ്തുത സെക്ഷൻ അസാധുവാക്കി. എന്നിരുന്നാലും അടച്ച തുക തിരികെ നൽകേണ്ടതില്ലെന്ന് വിധിയിൽ പറഞ്ഞിട്ടുണ്ട്.

(സി) മൽസ്യക്കയറ്റുമതിക്കാർ ഉൾപ്പെടെയുള്ള എല്ലാ മൽസ്യക്കച്ചവടക്കാരിൽ നിന്നും സെസ് പിരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതുൾപ്പെടെയുള്ള കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) 30-9-2001 വരെ അംശാദായകരിൽ നിന്നുള്ള 32,87,65,239 രൂപയാണ് ബോർഡിലേക്ക് ലഭിക്കാതെ പോയത്. ഇത് 1% സെസ് ഏർപ്പെടുത്തിയ നാൾ മുതലുള്ള കുടിശ്ശികയാണ്.

********